# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ</u>

4125 ശ്രീ. ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി പട്ടികജാതി വികസന കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്;

(ബി) എൻ. എഫ്. ഡി. സി. ,എൻ. എസ്. സി. എഫ്. ഡി.സി എന്നിവിടങ്ങളിൽനിന്നുള്ള ലോൺ സഹായവും സംസ്ഥാന സർക്കാർ നൽകുന്ന പ്രവർത്തനമൂലധനവും വിനിയോഗിച്ച് ഫലപ്രദമായി നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ തയ്യാറാകുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

പിന്നോക്ക വികസന കോർപ്പറേഷൻ വായ്പാ നിബന്ധനകൾ

4126 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വികസന കോർപ്പറേഷൻ പ്രസ്തുത വിഭാഗക്കാർക്ക് കഴിഞ്ഞ വർഷം എത്ര തുക വായ്പ നല്കി;

(ബി) നിലവിൽ എന്തെല്ലാം ആവശ്യങ്ങൾക്കാണ് വായ്പകൾ നൽകി വരുന്നത്;

(സി) ഓരോ ഇനത്തിലും നൽകുന്ന ലോൺ തുകയും പലിശ നിരക്കും ജാമ്യവ്യവസ്ഥകളും വിശദമാക്കുമോ;;

(ഡി) ജാമ്യ വ്യവസഥകൾ മൂലം സാധാരണക്കാർക്ക് ലോൺകിട്ടുന്നതിന് നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ജാമ്യവ്യവസ്ഥകളും പലിശനിരക്കും ലഘൂകരിച്ച് പിന്നോക്കവിഭാഗങ്ങൾക്ക് കൂടുതൽ വായ്പ നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗങ്ങൾ

4127 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളാണുള്ളത്;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായവർക്ക് ഭൂമി വാങ്ങി ഭവനനിർമ്മാണം നടത്തുന്നതിനുള്ള പദ്ധതികൾ ഏതെല്ലാമെന്നും അതിന്റെ മാർഗ്ഗ നിർദ്ദേശങ്ങളും വ്യക്തമാക്കുമോ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായവർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതികൾ ഏതെല്ലാമെന്നും അതിന്റെ മാർഗ്ഗനിർദ്ദേശങ്ങളും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന കേന്ദ്ര പദ്ധതികൾ</u>

4128 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന കേന്ദ്ര സഹായ പദ്ധതികൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും നടപ്പ് സാമ്പത്തിക വർഷം എത്ര തുക വീതമാണു നീക്കിവച്ചിട്ടുളളതെന്നു വ്യക്തമാക്കുമോ;

(സി) സാമ്പത്തിക വർഷത്തിലെ ആറുമാസം പിന്നിടുമ്പോൾ ഓരോ പദ്ധതിയിലും എത്ര തുക വീതം വിനിയോഗിക്കപ്പെട്ടുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി ക്ഷേമത്തിനായുള്ള കേന്ദ്ര പദ്ധതികൾ</u>

4129 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മുൻവർഷങ്ങളിൽ ഓരോ ഇനത്തിനും എത്ര രൂപ വീതമാണ് അനുവദിച്ചിരുന്നത് എന്നതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പൂർണ്ണമായി ചെലവഴിക്കാൻ കഴിയാത്തത് എന്ന് വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങളിൽ കേന്ദ്ര ഫണ്ട് ചെലവാക്കാൻ കഴിയാത്ത തരത്തിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) എങ്കിൽ ഓരോ പദ്ധതിയും സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് ഭേദഗതികൾ വരുത്താനും ലഭിക്കുന്ന തുക പൂർണ്ണമായി ചെലവഴിക്കാനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന കോർപ്പറേഷൻ വഴി നടപ്പാക്കിയിട്ടുള്ള വായ്പാ പദ്ധതികൾ</u>

4130 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന കോർപ്പറേഷൻ വഴി നടപ്പാക്കിയിട്ടുള്ള വിവിധ വായ്പ പദ്ധതികളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഈ പദ്ധതിയുടെ പ്രയോജനം എത്രപേർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും</u>

4131 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിൽ കുടിവെള്ളവും, വൈദ്യുതിയും എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കോളനികളിൽ കുടിവെള്ളവും, വൈദ്യുതിയും എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; അതിന്മേലുള്ള സർക്കാർ നയം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗങ്ങളിലെ ദുർബല വിഭാഗക്കാരുടെ ഉന്നമനത്തിനുള്ള പദ്ധതി

4132 ശ്രീ. പാലോട് രവി
,, ജോസഫ് വാഴക്കൽ
,, എ.റ്റി ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലുള്ള ദുർബല വിഭാഗക്കാരുടെ ഉന്നമനത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) ഈ വിഭാഗത്തിലുള്ള ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും ധനസഹായം ലഭ്യമാക്കുമോ;

(സി) ഇവർക്ക് വിദ്യാഭ്യാസം, ചികിത്സ, കുടിവെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ സൗകര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം</u>

4133 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ആകെ എത്ര കുട്ടികളാണ് പ്രസ്തുത ഹോസ്റ്റലുകളിലുള്ളത് ;

(സി) പ്രസ്തുത ഹോസ്റ്റലുകൾ വഴി കുട്ടികൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത ഹോസ്റ്റലുകളുടെ നവീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പട്ടികസമുദായ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ</u>

4134 ശ്രീ. പി.സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർഷാരംഭത്തിൽ തന്നെ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികസമുദായ വിദ്യാർത്ഥികളുടെ വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗക്കാർക്കുള്ള ധനസഹായ പദ്ധതികൾ</u>

4135 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾ, വിധവകൾ, അപകടമരണം സംഭവിച്ചവരുടെയും ആത്മഹത്യ ചെയ്തവരുടെയും ആശ്രിതർ, മിശ്രവിവാഹിതർ, മാരകരോഗം ബാധിച്ചവർ, വികലാംഗർ എന്നിവർക്ക് എന്തെല്ലാം ധനസഹായ പദ്ധതികളാണ് നിലവിലുള്ളത്;

(ബി) ഓരോന്നിന്റെയും വിശദവിവരവും ബന്ധപ്പെട്ട ഉത്തരവുകളും ലഭ്യമാക്കുമോ;

(സി) പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

## പട്ടികജാതി പട്ടികവര്‍ഗ്ഗ ക്ഷേമത്തിന് വിവിധ പദ്ധതികള്‍

4136 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി പട്ടികവര്‍ഗ്ഗ ക്ഷേമത്തിന് 2011-12 വര്‍ഷത്തില്‍ ബഡ്ജറ്റ് വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ ക്ഷേമത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് നീക്കിവച്ചിട്ടുളള തുകയെത്ര;

(സി) സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും ഏതെല്ലാമെന്നും ഓരോന്നിനും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനം വിവിധ വകുപ്പുകള്‍ വഴി പദ്ധതി നടപ്പിലാക്കുമ്പോള്‍ ഇതിനുവേണ്ടി പ്രൊപ്പോസലുകള്‍ സ്വീകരിക്കുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ;

(ഇ) ജില്ലാതല എസ്.സി/എസ്.ടി വര്‍ക്കിങ്ങ് ഗ്രൂപ്പുകള്‍ക്ക് ഏതെല്ലാം പദ്ധതികള്‍ നടപ്പിലാക്കാം; ഇതിന് എത്ര തുക വീതമെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ; തിരുവനന്തപുരം ജില്ലയില്‍ വര്‍ക്കിംഗ് ഗ്രൂപ്പില്‍ അനുവദിച്ചിട്ടുളള പദ്ധതികളേവ; ഓരോന്നിനും എത്ര തുക വീതമാണ് നീക്കിവച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പട്ടികവിഭാഗക്കാർക്കായുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ</u>

4137 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് വർദ്ധിപ്പിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഇത് എന്ന് നടപ്പിൽ വരുത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

4138 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഏതൊക്കെ തരത്തിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ സ്വാശ്രയ എഞ്ചിനീയറിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ കോളെജുകളിൽ പഠിക്കുന്ന കുട്ടികൾക്കും നൽകി വരുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) ഈ ആനുകൂല്യങ്ങൾ അമൃതാ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിക്കുന്ന കുട്ടികൾക്ക് നൽകുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ധനസഹായങ്ങൾ</u>

4139 ശ്രീ.ഇ.പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഓരോ ഘട്ടത്തിലും എന്തെല്ലാം വിദ്യാഭ്യാസ ധനസഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ അദ്ധ്യയന വർഷത്തിൽ ഇതിനാവശ്യമായ തുക ബന്ധപ്പെട്ട വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും അനുവദിച്ചു നൽകിയോയെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ ആനുകുല്യത്തിന്റെയും വിഹിതം എത്രയെന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് ഇവ കൈമാറിയത് എന്നാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

4140 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി നിയമം ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ സഹായത്തിനു പുറമേ അതിക്രമങ്ങൾ കാണിക്കുന്നവരിൽ നിന്ന് ന്യായമായ തുക പിഴ ഈടാക്കി, അതിക്രമങ്ങൾക്ക് ഇരയായവർക്ക് നൽകുന്നവിധം നിയമം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പരിശീലനം

4141 ശ്രീ. വി. പി. സജീന്ദ്രൻ
,, സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കാൻ യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സിവിൽ സർവ്വീസ് പരിശീലന പരിപാടി

4142 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.റ്റി.പി.നഗറിൽ പ്രവർത്തിച്ച് വരുന്ന സിവിൽസരവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലന പരിപാടി തുടർന്ന് നടത്തുന്നതിന് മറ്റേതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതു സ്ഥാപനത്തെയാണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) അതിനായി പ്രസ്തുത സ്ഥാപനത്തിന് ഫീസ് ഇനത്തിൽ എത്ര രൂപയാണ് നൽകുവാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടി കൊരട്ടി കുരിയാംപറമ്പ് പട്ടികജാതി കോളനിയിലെ ആരോഗ്യപ്രശ്നങ്ങൾ</u>

4143 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി കൊരട്ടി പഞ്ചായത്തിലെ കുരിയാംപറമ്പ് പട്ടികജാതി കോളനിയിൽ രൂക്ഷമായ വെള്ളക്കെട്ട് മൂലം കുടിവെള്ളം മലിനമായി കടുത്ത ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 18.10.2011-ലെ മറുപടിക്ക്

<u>കുന്നംകുളത്ത് പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ</u>

4144 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നഗരസഭാ പരിധിയിൽപ്പെട്ട എല്ലാ വിഭാഗം സ്കൂളുകളിലുമായി എത്ര പട്ടികജാതി വിദ്യാർത്ഥികൾ പഠിച്ചുവരുന്നുണ്ട് ;

(ബി) കുന്നംകുളം നഗരസഭാപ്രദേശത്തെയും സമീപപഞ്ചായത്തുകളിലെയും പട്ടികജാതി വിദ്യാർത്ഥികൾക്കായി കുന്നംകുളം ആസ്ഥാനമായി ഒരു ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>

4145

ശ്രീ. സി. കെ. നാണു
,, മാത്യു ടി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ എന്നുമുതലാണ് പ്രവർത്തനം ആരംഭിച്ചത്;

(ബി) പ്രവർത്തനം ആരംഭിച്ചതു മുതൽ നാളിതുവരെ പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കോർപ്പറേഷൻ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ പ്രവർത്തനം</u>

4146 ശ്രീ. സി. കെ. നാണു
,, മാത്യു. ടി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ ഘടന സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പുതുതായി രൂപീകരിക്കുന്ന പിന്നോക്ക സമുദായക്ഷേമ ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലുമായി ഏതൊക്കെ തസ്തികകൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത് വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത വകുപ്പിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പിന്നോക്കക്ഷേമ വകുപ്പു രൂപീകരിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടി</u>

4147 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
,, സി. മോയിൻകുട്ടി
,, എം. ഉമ്മർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്കക്ഷേമ വകുപ്പു രൂപീകരിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പിന്നോക്കക്ഷേമ വകുപ്പു രൂപീകരണം സംബന്ധിച്ച് ഏതൊക്കെ വിഭാഗങ്ങളിൽ നിന്ന് ആവശ്യം ഉയർന്നിരുന്നു ;

(സി) ഈ വകുപ്പിനു കീഴിൽ ജില്ലാതല സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ ;

(ഡി) പിന്നോക്കക്ഷേമ പ്രവർത്തനങ്ങൾ, പ്രത്യേകം വകുപ്പിന്റെ അഭാവം മൂലം തടസ്സപ്പെടുന്നതായും, ക്ഷേമ പദ്ധതികൾക്കുള്ള പണം ചെലവഴിക്കാനാവാതെ നഷ്ടപ്പെടുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളുടെ പ്രവർത്തനം</u>

4148 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' റ്റി. എൻ. പ്രതാപൻ
'' അൻവർ സാദത്ത്
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള റസിഡൻഷ്യൽ സ്ക്കൂളുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി തീർക്കുവാൻ നടപടികൾ എടുക്കുമോ;

(സി) പുതുതായി എത്ര മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>മണ്‍പാത്രനിര്‍മ്മാണ സമുദായങ്ങള്‍ക്ക് സംവരണം</u>

T 4149 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒ. ബി. സി. യില്‍പ്പെട്ട മണ്‍പാത്രനിര്‍മ്മാണ സമുദായങ്ങള്‍ക്ക് നാമമാത്രമായ ആനുകൂല്യമേ ലഭിക്കുന്നുള്ളു എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമുദായത്തിന് സര്‍ക്കാര്‍ സര്‍വ്വീസിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കുറഞ്ഞത് 1% സംവരണമെങ്കിലും അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മണ്ണന്തലയിലെ അംബേദ്കർ ഭവൻ</u>

4150 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മണ്ണന്തലയിലെ അംബേദ്കർ ഭവന്റെ നിർമ്മാണം പൂർത്തിയാക്കിയോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭവൻ എന്തിന് വേണ്ടി പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ലക്ഷ്യത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വിജ്ഞാൻവാടി പദ്ധതി</u>

4151 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജ്ഞാൻവാടി പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം എത്ര വിജ്ഞാൻവാടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പിന്നോക്കവിഭാഗ ക്ഷേമ വകുപ്പ് സ്പെഷ്യൽ ഓഫീസറുടെ നിയമനം</u>

4152 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്കവിഭാഗക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് ഏത് വർഷമായിരുന്നുവെന്ന് അറിയിക്കുമോ;

(സി) സ്പെഷ്യൽ ഓഫീസറെ നിയമിച്ച ശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് വെസ്റ്റ്ഹില്ലിൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്</u>

4153 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ്ഹില്ലിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) സമയ ബന്ധിതമായി നിർമ്മാണംപൂർത്തികരിക്കാൻ കഴിയുന്നില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

പട്ടികജാതി/പട്ടികവര്‍ഗ്ഗ-പരിവര്‍ത്തിത ക്രൈസ്തവ വിഭാഗങ്ങളുടെ വായ്പ എഴുതി തള്ളുന്ന നടപടി

4154 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം പട്ടികജാതി/പട്ടിക വര്‍ഗ്ഗ- പരിവര്‍ത്തിത ക്രൈസ്തവ വിഭാഗങ്ങളുടെ വായ്പ എഴുതി തള്ളുന്നതിന്റെ ഭാഗമായി ഓരോ വിഭാഗത്തിലും പെട്ടവരുടെ എത്ര തുകവീതമുള്ള വായ്പകളാണ് ഇതിനകം എഴുതി തള്ളിയതെന്ന് വിശദമാക്കാമോ;

(ബി) ഒറ്റത്തവണ തീര്‍പ്പാക്കല്‍ പ്രകാരം എത്രപേരുടെ എത്ര തുക വീതം പലിശയും, പിഴപലിശയും ഇനത്തില്‍ എഴുതി തള്ളിയെന്ന് വെളിപ്പെടുത്താമോ;

(സി) ഈ രണ്ടു വിഭാഗങ്ങളിലുമായി ആര്‍ക്കൊക്കെയാണ് ആനുകൂല്യങ്ങള്‍ ലഭിച്ചതെന്ന് ജില്ലതിരിച്ച് പേരുവിവരങ്ങള്‍ വെളിപ്പെടുത്താമോ?

# കേരള നിയമസഭ

## 18.10.2011-ലെ മറുപടിക്ക്

### ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

4155 ശ്രീ. പാലോട് രവി
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത മേഖലയ്ക്ക് നിലവിലുള്ള സബ്സിഡി ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉത്തരവാദിത്ത ടൂറിസത്തിന് നിശ്ചിത ശതമാനം സബ്സിഡി ഏർപ്പെടുത്തുമോ;

(ഡി) വൈദ്യുതി, വെള്ളം എന്നിവയുടെ നിരക്കിന് ഇളവ് അനുവദിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ആസൂത്രിത വികസനം</u>

4156 ശ്രീ. കെ.ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര കേന്ദ്രങ്ങൾ ആസൂത്രിതമായി വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പ്രസ്തുത കേന്ദ്രങ്ങളെ പ്രത്യേക മേഖലകളായി പ്രഖ്യാപിക്കാനുള്ള തദ്ദേശസ്ഥാപനങ്ങളുടെ പ്രത്യേക അധികാരം ഇതിനായി പ്രയോജനപ്പെടുത്തുമോ;:

(സി) അപ്രകാരം പ്രഖ്യാപിക്കപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കാനും സംരക്ഷിക്കാനും എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുളളത്;

(ഡി) ഓരോ കേന്ദ്രങ്ങളിലും എത്തുന്ന സഞ്ചാരികളുടെ എണ്ണം കണക്കാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) ഇതിനുള്ള രൂപരേഖ തയ്യാറാക്കുമ്പോൾ പ്രസ്തുത പ്രദേശങ്ങളിലെ പരിസ്ഥിതി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ടൂറിസം രംഗത്ത് പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ

4157 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടുതൽ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ടൂറിസം വികസനത്തിന് പബ്ലിക് - പ്രൈവറ്റ് - പാർട്ടിസിപ്പേഷൻ (പി. പി. പി.) വഴി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾനല്കുമോ;

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനം</u>

4158 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് പൂർണ്ണമായി നിരോധിക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആദ്യഘട്ടമെന്ന നിലയിൽ എവിടെയാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുളളത്;

(സി) ക്രമേണ മറ്റ് കേന്ദ്രങ്ങളിലും ഇതു വ്യാപിപ്പിക്കുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ടൂറിസം കേന്ദ്രങ്ങളെ ഹർത്താലിൽ നിന്ന്
ഒഴിവാക്കാൻ നടപടി

4159 ശ്രീ. കെ. അച്ചുതൻ
,, ഹൈബി ഈഡൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളെ ഹർത്താലിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിച്ചിട്ടുള്ളത് ;

(സി) രാഷ്ട്രീയ പാർട്ടികൾ, ട്രേഡ് യൂണിയനുകൾ എന്നിവയുമായി ഇക്കാര്യത്തിൽ ചർച്ച നടത്തുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവല്‍</u>

4160 ശ്രീ.ബെന്നി ബെഹനാന്‍
,, ജോസഫ് വാഴക്കന്‍
,, പാലോട് രവി
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കില്‍ വിശദാംശം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ഫെസ്റ്റിവല്‍ എന്നുമുതലാണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഓരോ വര്‍ഷവും ഇതിന് എത്ര രൂപാവീതം ചെലവഴിച്ചു എന്നത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇതുവഴി സര്‍ക്കാര്‍, കൈവരിച്ച നേട്ടങ്ങള്‍ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(എഫ്) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ചെലവുകള്‍ സംബന്ധിച്ച് എന്തെങ്കിലും പരിശോധനകള്‍ നടത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ബീച്ച് -കായൽ ടൂറിസം

4161 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി ബീച്ച് - കായൽ ടൂറിസം സമഗ്രവികസന പദ്ധതികൾക്ക് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) വിപുലമായ ടൂറിസം സാദ്ധ്യതയുള്ള പൊന്നാനിയിൽ വിവിധ ടൂറിസം പദ്ധതികൾ ക്രോഡീകരിച്ച് നിർവ്വഹിക്കാൻ ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>“നിള ബ്യൂട്ടിഫിക്കേഷൻ” പദ്ധതി</u>

4162 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെ തീരത്ത് ലക്കിടിയിൽ “നിള ബ്യൂട്ടിഫിക്കേഷൻ”പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് പ്രോജക്ട് നിലവിലുണ്ടോ;

(ബി) പ്രസ്തുത പ്രോജക്ടിന് ഡി.ടി.പി.സി അംഗീകാരം നൽകിയോ;

(സി) ടൂറിസം ഡയറക്ടറേറ്റ് ഈ പ്രോജക്ട് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ഡി) വർക്കിങ്ങ് ഗ്രൂപ്പിൽ പരിഗണനയ്ക്കെത്തിയ പ്രോജക്ട് എന്തു കാരണത്താലാണ് പരിഗണിക്കാതിരുന്നത്;

(ഇ) അടുത്ത വർക്കിങ്ങ് ഗ്രൂപ്പിൽ പരിഗണിക്കിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>ടൂറിസം മേഖലയുടെ വികസനത്തിന് മന്ത്രിസഭാ സമിതിയും ഉപദേശക സമിതിയും</u>

4163 ശ്രീ.എം. എ. വാഹീദ്
,, അന്‍വര്‍ സാദത്ത്
,, പി. എ. മാധവന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടൂറിസം മേഖലയുടെ വികസനത്തിന് മന്ത്രിസഭാസമിതിയും ഉപദേശക സമിതിയും രൂപവത്ക്കരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കില്‍ അവയുടെ ഘടനയും പ്രവര്‍ത്തന രീതിയും വ്യക്തമാക്കുമോ ;

(സി) കമ്മിറ്റികളില്‍ ടൂറിസം, വ്യവസായം, വിവിധ വകുപ്പുകള്‍ എന്നിവയുടെ പ്രതിനിധികളെ ഉള്‍പ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പാരീസിൽ നടന്ന ഇൻക്രെഡിബിൾ ഇന്ത്യാ റോഡ് ഷോ</u>

4164 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരീസിൽ നടന്ന ഇൻക്രെഡിബിൾ ഇന്ത്യാ റോഡ് ഷോയിൽ പങ്കെടുക്കുന്നതിന് കേരള ടൂറിസം പ്രതിനിധികളായി പോയിട്ടുള്ളത് ആരൊക്കെയാണ്;

(ബി) റോഡ് ഷോയിൽ പങ്കെടുക്കുന്നതിന് ടൂറിസം വകുപ്പിന് എന്തു തുക ചെലവാകും; പങ്കെടുത്ത ഒരോരുത്തർക്കും വേണ്ടി ചെലവാകുന്ന മൊത്തം തുക എത്രയാണെന്ന് വിശദമാക്കാമോ;

(സി) പാരീസിൽ നടത്തിയ റോഡ് ഷോയിൽ കേരള ടൂറിസത്തെ പ്രതിനിധീകരിച്ച് ആരെങ്കിലും പങ്കെടുക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്താമോ;

(ഡി) ഇതിനെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ;

(ഇ) റോഡ് ഷോയിൽ കേരള ടൂറിസം പ്രതിനിധികൾ ആരും ഉണ്ടാകാത്ത അവസ്ഥയുണ്ടായോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വിനോദസഞ്ചാരമേഖലയിലെ തൊഴിൽ സാദ്ധ്യതകൾ</u>

4165 ശ്രീ.കെ. അച്ചുതൻ
'' എ.റ്റി. ജോർജ്
'' ഐ.സി. ബാലകൃഷ്ണൻ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ പരിശീലനം നേടിയവരുടെ കുറവ് നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്;

(സി) ഓരോ വർഷവും ഈ മേഖലയിൽ എത്ര ഒഴിവുകളാണുണ്ടാകുന്നത്; പുതുതായി വരുന്നവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ;

(ഡി) വിനോദ സഞ്ചാര തൊഴിൽ മേഖലയിലേക്ക് കൂടുതൽപേരെ ആകർഷിക്കത്തക്കവിധം ഒരു പ്രത്യേക പദ്ധതി കിറ്റ്സിന്റെ നേതൃത്തിൽ തയാറാക്കാൻ തയാറാകുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എറണാകുളം ജില്ലാ ടൂറിസം വികസന പദ്ധതികൾ</u>

4166 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ടൂറിസം വികസനത്തിനുള്ള ഏതൊക്കെ പ്രോജക്ടുകൾ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ഏതൊക്കെ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചുവെന്ന് വിശദമാക്കുമോ;

(സി) അനുമതി ലഭിച്ച പ്രോജക്ടുകൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വടക്കൻ ജില്ലാ ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ</u>

4167 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ഹർത്താലുകൾ, ഗുണപരമായ മനുഷ്യ വിഭവശേഷിയില്ലായ്മ തുടങ്ങി വിനോദ സഞ്ചാര മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ടൂറിസം വരുമാനത്തിൽ പിന്നോക്കം നിൽക്കുന്ന വടക്കൻ ജില്ലകളിലെ ടൂറിസം മേഖലയിൽ അടിസ്ഥാന വികസന സൗകര്യം വർദ്ധിപ്പിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കൊടക്കാട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ്ടു കോഴ്സ്</u>

4168 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടക്കാട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ്ടു കോഴ്സിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഉണ്ടായിട്ടും കോഴ്സ് ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) കോഴ്സ് എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവല്‍</u>

4169 ശ്രീ. ബെന്നി ബെഹനാന്‍
,, റ്റി. എന്‍. പ്രതാപന്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ നടത്തിപ്പിന് ആരെയെല്ലാമാണ് ചുമതലപ്പെടുത്തിയിരുന്നത്;

(ബി) പ്രസ്തുത ഫെസ്റ്റിവല്‍ സംഘടിപ്പിക്കുന്നതിന് വ്യവസ്ഥാപിത സംവിധാനത്തിന് രൂപം നല്‍കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ ഏത് വകുപ്പിന് കീഴില്‍; അതിന്റെ ഘടന എന്തായിരിക്കും;

(സി) എന്‍. ആര്‍. ഐ. കള്‍ക്ക് നികുതി ഇളവ് നല്‍കുന്നതുകൊണ്ട് സര്‍ക്കാരിനുണ്ടാകുന്ന ലാഭം വെളിപ്പെടുത്തുമോ;

(ഡി) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവല്‍ ഉദ്ദേശിച്ച ഫലം ചെയ്തിട്ടില്ലാ എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവല്‍ മാതൃകയില്‍ ആസൂത്രിതവും സമഗ്രവുമായ രീതിയില്‍ ഷോപ്പിംഗ് ഫെസ്റ്റിവല്‍ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം താനൂർ ഒട്ടുമ്പ്രം ടൂറിസം പദ്ധതി</u>

4170 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ ഒട്ടുമ്പ്രം ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തികരിക്കാനാകും ;

(ഡി) എത്ര രൂപ ഈ ഘട്ടത്തിൽ പദ്ധതിക്കായി വിനിയോഗിക്കുന്നുണ്ട്;

(ഇ) പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ വിനോദസഞ്ചാരികൾക്ക് എന്തൊക്കെ ഗുണങ്ങളാണ് ലഭ്യമാവുക എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കണ്ണൂർ തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതി</u>

4171 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. നാരായണൻ
,, സി. കൃഷ്ണൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർജില്ലയിലെ തലശ്ശേരി പൈതൃക സംരക്ഷണപദ്ധതി പ്രവർത്തനം സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) എത്ര കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്രസഹായത്തിനായി സമർപ്പിക്കുന്നത്;

(സി) ഇതിനകം എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കും; ഭരണാനുമതി നൽകിയ ഏതെങ്കിലും പ്രവൃത്തിയുടെ ടെണ്ടർ വിളിക്കാനുണ്ടോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അങ്കമാലി മണപ്പാട്ടുചിറയിലെ ടൂറിസം പദ്ധതി</u>

4172

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മലയാറ്റൂർ - നീലിശ്വരം ഗ്രാമപഞ്ചായത്തിലെ മണപ്പാട്ടുചിറയിൽ ടൂറിസം വകുപ്പ് സിഡ്കോയുടെ മേൽനോട്ടത്തിൽ നടത്തുന്ന ടൂറിസം വികസന പദ്ധതി പൂർത്തിയാക്കുന്നതിലെ കാലതാമസം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പണികളാണ് പൂർത്തിയാക്കാനുള്ളതെന്നും എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>തിരുവമ്പാടി-അരിപ്പാറ വെള്ളച്ചാട്ടം</u>

4173 ശ്രീ. സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവമ്പാടി അരിപ്പാറ വെള്ളച്ചാട്ടത്തിന്റെ രണ്ടാംഘട്ട വികസനത്തില്‍ എന്തെല്ലാം സൗകര്യങ്ങളാണ് ഉള്‍കൊള്ളിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വികസനത്തിന്റെ പ്രപോസലിന് അനുമതി നല്‍കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>നാട്ടിക സരയൂ തീരം ടൂറിസം പദ്ധതി പ്രവർത്തനങ്ങൾ</u>

4174

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നാട്ടിക താന്ന്യം ഗ്രാമപഞ്ചായത്തിലെ സരയൂ തീരം ടൂറിസം പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>മെസ്ഗേൾ തസ്തികയിലേക്കുള്ള ഇന്റർവ്യൂ</u>

4175 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത്, തിരുവനന്തപുരത്ത് പൂച്ചെടി വിളയിലെ പെൺകുട്ടികളുടെ ഹോസ്റ്റലിൽ മെസ്ഗേൾ തസ്തികയിലെ നാല് ഒഴിവുകളിലേക്ക് 28.2.2011 നു നടന്ന ഇന്റർവ്യൂ പ്രകാരം ശേഷം നിയമന ഉത്തരവ് നൽകിയോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) 28.11.2007 ലെ 2877/ജി3/06 തൊഴിൽ- നമ്പർ സർക്കുലറിലെ ഇന്റർവ്യൂ സംബന്ധമായ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണോ പ്രസ്തുത ഇന്റർവ്യൂ നടത്തിയത്; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ചട്ടപ്രകാരമല്ലാതെ നടത്തിയ പ്രസ്തുത ഇന്റർവ്യൂ റദ്ദാക്കി, അതേ ലിസ്റ്റിലുള്ളവർക്ക് വീണ്ടും ഇന്റർവ്യൂ നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി) പ്രസ്തുത ഒഴിവിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) അപ്രകാരം യഥാസമയം അറിയിക്കാത്തതിനാൽ, നിശ്ചിത പ്രായപരിധി കഴിയാറായവർ ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെടാത്തവരുടെ അവസരം നഷ്ടപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ;

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

| | |
|---|---|
| (എഫ്) | വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുമോ ? |

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

വള്ളിക്കുന്ന് - ബാലാതുരുത്ത് വികസന പദ്ധതികൾ

4176 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിലെ ''ബാലാതുരുത്ത് '' എന്നറിയപ്പെടുന്ന കൊച്ചുദ്വീപ് കേന്ദ്രീകരിച്ച് ടൂറിസം വികസന പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) കടലുണ്ടി പക്ഷി സങ്കേതവും ചുറ്റുമുള്ള പ്രദേശങ്ങളും ടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്നിലെ പ്രകൃതിരമണീയമായ രണ്ടു തുരുത്തുകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>തിരുവമ്പാടി തുഷാരഗിരി വിനോദസഞ്ചാര കേന്ദ്രം</u>

4177

ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി തുഷാരഗിരി വിനോദസഞ്ചാര കേന്ദ്രത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; കൂടുതലായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(ബി) ടൂറിസം രംഗത്ത് തുഷാരഗിരിയെ കേന്ദ്രീകരിച്ചുള്ള വികസനത്തിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ലൈഫ് ഗാർഡുകൾക്ക് റസ്റ്റ് റൂം</u>

4178 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായി ബീച്ചിൽ ജോലിചെയ്യുന്ന ലൈഫ് ഗാർഡുകൾക്ക് റെസ്റ്റ് റൂം നിലവിലുണ്ടോ ;

(ബി) ഇവർക്ക് റെസ്റ്റ് റൂം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വെള്ളം എത്തിക്കുന്നതിന് പദ്ധതി</u>

T 4179 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോവളം ടൂറിസം മേഖലയിൽ കുടിവെള്ളം എത്തിക്കുന്നതിന് പത്തു കോടി രൂപ ടൂറിസം വികസന ഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റിക്ക് കൊമാറുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അണ്ടർഗ്രൗണ്ട് അക്വേറിയം</u>

4180

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല അരൂക്കുറ്റി പഞ്ചായത്തിൽ സിംഗപ്പൂർ സെന്റോസ മാതൃകയിൽ ഒരു അണ്ടർഗ്രൗണ്ട് അക്വേറിയം സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ഏതു ഘട്ടത്തിലാണ്;

(ബി) ഇതു നടപ്പാക്കുന്നതിനായി ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് സിംഗപ്പൂരിൽ നിന്നുള്ള വിദഗ്ദ്ധരുടെ സഹായം തേടുമോ;

(സി) അതിനായി ഫണ്ട് അനുവദിക്കുമോ;

(ഡി) പൊതുപ്രാധാന്യം കണക്കിലെടുത്ത് സി. ആർ. ഇസെഡ് നോംസിൽ ഇളവു ലഭിക്കുന്നതിനായി പ്രത്യേക അനുമതിക്കുള്ള അപേക്ഷ നൽകുമോ;

(ഇ) ടി. ആർ. കെ. യിൽ ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഇരിങ്ങാലക്കുട മണ്ഡലത്തില്‍ ടൂറിസം പദ്ധതി</u>

4181 ശ്രീ. തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡി. റ്റി. പി. സിയുടെ നേതൃത്വത്തില്‍ ഇരിങ്ങാലക്കുട മണ്ഡലത്തില്‍ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ;

(ബി) പില്‍ഗ്രിം -വില്ലേജ് - ആയൂര്‍വ്വേദ ടൂറിസം വികസനത്തിന് പ്രത്യേക മാസ്റ്റര്‍പ്ലാന്‍ തയ്യാറാക്കി നടപ്പാക്കുന്നതിന് നടപടികള്‍ ഉണ്ടാകുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതി</u>

4182 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ ആദ്യ ഘട്ട നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്താൻ നിശ്ചയിച്ചിട്ടുളളത്; നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) കരാറനുസരിച്ച് നിർമ്മാണം എന്നാണ് പൂർത്തിയാക്കേണ്ടിയിരുന്നത്; കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; ബാക്കി നിർമ്മാണങ്ങൾ നടത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ആദ്യഘട്ട നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം വിഭാവനം ചെയ്തിട്ടുണ്ട്; ഇതിന്റെ വിശദമായ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ; നിർമ്മാണം ആരംഭിക്കുന്നതിന് ഇനിയും എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത്;

(ഡി) മണിയാർ ടൂറിസം ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് എത്ര രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

(ഇ) ഇല്ലെങ്കിൽ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

ചീരക്കുഴി ടൂറിസം പദ്ധതി

4183 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ കാലത്ത് തൃശ്ശൂര്‍ ജില്ലാ ടൂറിസം പ്രൊമോഷന്‍ കൗണ്‍സില്‍, ചേലക്കര മണ്ഡലത്തിലെ ചീരക്കുഴി ടൂറിസം പദ്ധതി തയ്യാറാക്കി സമര്‍പ്പിച്ചിട്ടുള്ള വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) സര്‍ക്കാര്‍ ഒരു വര്‍ഷത്തിനുള്ളില്‍ പൂര്‍ത്തിയാക്കേണ്ട കര്‍മ്മപരിപാടിയില്‍ ഈ പദ്ധതികൂടി ഉള്‍പ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ടൂറിസം വകുപ്പിനു കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ</u>

4184 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിനുകിഴിലുള്ള ഗസ്റ്റ് ഹൗസ്, റസ്റ്റ് ഹൗസ്, ഹട്ട് എന്നിവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും വാടക നിരക്കും ലഭ്യമാക്കാമോ ;

(ബി) അവയിൽ ഓരോന്നിലും എത്ര മുറികൾ വീതമുണ്ടെന്നും അതിൽ എത്ര എണ്ണം താമസയോഗ്യമല്ലാത്തതായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ഗസ്റ്റ് ഹൗസ്</u>

T 4185 ശ്രീ. കെ. എൻ. എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിനും സർവ്വകലാശാലയ്ക്കും സമീപം സർക്കാർ ഗസ്റ്റ് ഹൗസ് ഇല്ലാത്തതിന്റെ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് അതിഥി മന്ദിരം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) വിമാനത്താവളത്തിൽ എത്തുന്ന രാഷ്ട്രപതി, പ്രധാനമന്ത്രി, ഇതര വിശിഷ്ട വ്യക്തികൾ, വിദേശ പ്രതിനിധികൾ തുടങ്ങിയവർ, ഗസ്റ്റ് ഹൗസിന്റെ അഭാവത്തിൽ 28 കി.മീ യാത്ര ചെയ്ത് കോഴിക്കോട് പോകുന്നതാണ് പതിവ് എന്ന് കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവിടെ ഒരു അതിഥി മന്ദിരം നിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഡി. റ്റി. പി.സി സെക്രട്ടറി തസ്തിക</u>

4186 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര ഡി. റ്റി. പി.സി. കളിൽ സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും അവ ഏതാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

വിജ്ഞാൻവാടി പദ്ധതി

4187 ശ്രീ. എം. എ. വാഹീദ്
'' ഐ. സി. ബാലകൃഷ്ണൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജ്ഞാൻവാടി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ആദ്യഘട്ടത്തിൽ ഈ പദ്ധതി എവിടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം പട്ടികജാതി കോളനികളിലാണ് ഇതു നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നത്;

(ഡി) ഈ പദ്ധതി വഴി ലഭിക്കുന്ന സൗകര്യങ്ങൾ എല്ലാ പ്രീ-മെട്രിക് ഹോസ്റ്റലുകളിലും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 9.

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.